⇨ *എല്ലാ ക്വാറികളുടെയും പ്രവർത്തനം ശുദ്ധജല ചൂഷണത്തിന് കാരണമാകുന്നുണ്ട്* ⇨

പശ്ചിമഘട്ടം പ്രത്യേകലക്കത്തിന്റെ തുടർച്ചയായി കേരളീയം പശ്ചിമഘട്ട മലനിരകളിലെ വിവിധ പ്രശ്നമേഖലകളിലൂടെ കടന്നുപോവുകയും അവിടെ ഉയർന്നുവരുന്ന ജനകീയ ചെറുത്തുനിൽപ്പുകളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. പശ്ചിമഘട്ട മേഖലയ്ക്ക് വലിയ ഭീഷണിയായി ഇന്ന് കേരളത്തിലാകമാനം നിലനിൽക്കുന്ന ഒരു പ്രധാന പ്രശ്നം ക്വാറികളാണ്. പാരിസ്ഥിതിക സന്തുലനത്തെ തകിടം മറിച്ച്, ജനജീവിതത്തെ ദുസ്സഹമാക്കുന്ന പാറഖനികളുടെ വിസ്ഫോടനങ്ങൾക്ക് നേരെ സമരകാഹളങ്ങളും മുഴങ്ങിത്തുടങ്ങിയിരിക്കുന്നു.
പംക്തി തുടരുന്നു...

# ഉത്തരമലബാറിനെ കൊല്ലുന്ന ക്വാറികൾ-2

പശ്ചിമഘട്ട സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന പഠന-ബോധവൽക്കരണ-സമര പ്രചരണ യാത്രയുടെ ഭാഗമായി നേരിൽ കണ്ട ക്വാറികളുടെ പ്രശ്നങ്ങൾ വിശദീകരിക്കുന്നു

**ടി.വി. രാജൻ**

**കാസർകോട്** - കണ്ണൂർ ജില്ലകളിലെ ക്വാറികളുടെ പ്രവർത്തനവും കോഴിക്കോട് ജില്ലയിലെ ക്വാറികളുടെ പ്രവർത്തനവും താരതമ്യം ചെയ്യുക അല്പം വിഷമകരമാണ്. ചെറുകിട യന്ത്ര സങ്കേതങ്ങളാണ് കാസർകോടും കണ്ണൂരിലും ഉപയോഗത്തിലുള്ളത്. കോഴിക്കോട്ടെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. 25 മുതൽ 50 കോടി രൂപവരെ മുതൽ മുടക്കിക്കൊണ്ടാണ് ഇവിടെ ക്വാറികൾ പ്രവർത്തനക്ഷമമാക്കുന്നത്. ശബ്ദരഹിതമായി കരിങ്കൽ പാറകൾ മുറിച്ചെടുക്കാനും തങ്ങൾക്ക് ആവശ്യമായ നീളത്തിലും വീതിയിലും കനത്തിലും കരിങ്കൽ ബ്ലോക്കുകൾ മുറിച്ചെടുക്കാനാവശ്യമായ യന്ത്രസാമഗ്രികൾ കോഴിക്കോട് ജില്ലയിലെ മിക്ക ക്വാറികളിലും സജ്ജീകരിച്ചിട്ടുണ്ട്. മറ്റൊരു പ്രത്യേകത, പല ക്വാറി സ്ഥാപനങ്ങളുടെയും പേര് 'റോക്ക് സാൻഡ് ആന്റ് സാൻഡ് പ്രൊഡക്ടസ്' എന്നാണ് കാണിച്ചിരിക്കുന്നത് എന്നതാണ്. പല വലിപ്പത്തിലുള്ള കരിങ്കൽ ബ്ലോക്കുകളും, സാധാരണയായ കരിങ്കൽ കഷ്ണങ്ങളും, ക്രഷറുകൾ ഉപയോഗിച്ച് വിവിധ തരത്തിലുള്ള കരിങ്കൽ ചീളുകളും, കല്ലുകൾ പൊടിച്ച് 'റോക്ക് സാൻഡും' ഇവയെല്ലാം ഉപയോഗപ്പെടുത്തി വ്യത്യസ്ത ഉല്പന്നങ്ങളും ഇത്തരം ക്വാറികളിൽ ഉണ്ടാക്കുന്നുണ്ട്.

എല്ലാ ക്വാറികളുടെയും പ്രവർത്തനം ശുദ്ധജല ചൂഷണത്തിന് കാരണമാകുന്നുണ്ട്. നീരുറവകളുടേയും അരുവികളുടേയും ആവിർഭാവ സ്ഥാനം നശിപ്പിച്ചുകൊണ്ട് പ്രവർത്തനം ആരംഭിക്കുന്ന ക്വാറികൾ, കുഴൽകിണറുകൾ കുഴിച്ച് ഭൂഗർഭജലം ചൂഷണം ചെയ്താണ് പ്രവർത്തനം മുന്നോട്ട് നീക്കുന്നത്. രണ്ടിൽ കൂടുതൽ ക്രഷറുകളും, റോക്ക് സാൻഡ് തയ്യാറാക്കാനുള്ള വിവിധ യന്ത്രസാമഗ്രികളും കോഴിക്കോട് ജില്ലയിലെ ക്വാറികളിൽ മിക്കതിലുമുണ്ട്. വടകര താലൂക്കിന്റെ പല ഭാഗങ്ങളിലും യാതൊരുവിധ അനുമതിയും കൂടാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന നിരവധി ക്വാറികൾ ഉണ്ട്.

അനധികൃത ഖനനത്തിലൂടെ പണം സമ്പാദിച്ച് ഗൾഫ് രാജ്യങ്ങളിൽ ജോലിക്കായി പോകുകയും അവിടെ നിന്നും കൂടുതൽ പണം നേടിയും സമാഹരിച്ചും നാട്ടിൽ കൂടുതൽ പാറപ്രദേശങ്ങൾ സ്വായത്തമാക്കുകയും ചെയ്യുന്നവരുടെ നീണ്ട പട്ടിക ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

ജില്ലയിൽ നരിപ്പറ്റ, വാണിമേൽ, കായക്കൊടി, കാവിലുംപാറ തുടങ്ങിയ പഞ്ചായത്തുകളിലെ സഹ്യസാനുക്കളിലൂടെയാണ് ജാഥയുടെ ആദ്യഘട്ടം കടന്നു പോയത്. ബഹുജന സഹകരണം കൊണ്ട് ശ്രദ്ധേയമായിരുന്നു. ഈ യാത്ര. ശിവരാമൻ മാസ്റ്റർ, ഡൽഹി കേളപ്പൻ തുടങ്ങിയ വയോധികരും ഇ.പി.ശശി, കെ.ചന്ദ്രൻ തുടങ്ങിയ യുവാക്കളും ഏതാനും ക്ലബുകളിലെ മുഴുവൻ അംഗങ്ങളും ജാഥയുടെ പ്രയാണത്തിന് എല്ലാ സഹായങ്ങളും നൽകി.

### മലയങ്ങാട് ക്വാറി

ഏതാണ്ട് പത്ത് ഏക്കർ സ്ഥലത്ത്, കഴിഞ്ഞ പത്ത് വർഷക്കാലമായി പ്രവർത്തിച്ചിരുന്നു. പകുതിയിൽ താഴെ ഭൂമി ഉപയോഗിച്ചു കഴിഞ്ഞു. സമീപ പ്രദേശങ്ങളിലേക്ക് പൊടിപടലം പ്രവഹിച്ചതുമൂലവും സമീപസ്ഥർക്ക് ശ്വാസകോശ രോഗങ്ങൾ വർദ്ധിച്ചത് മൂലവും ബഹുജന സമ്മർദ്ദം രൂക്ഷമായി. ഇപ്പോൾ പ്രവർത്തനം നിർത്തിവെച്ചിരിക്കയാണ്.

### കമ്മായി - തരിപ്പ ക്വാറികൾ

മാവുള്ള ചോല മലയുടെ ഇരുഭാഗങ്ങളിലായാണ് കമ്മായി - തരിപ്പ ക്വാറികൾ പ്രവർത്തിക്കുന്നത്. കമ്മായിയിൽ വലിയ ഒരു ക്രഷർ പുതുതായി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ധൃതഗതിയിൽ നടക്കുന്നുണ്ട്. 18 ഏക്രയോളം സ്ഥലത്തെ മേൽമണ്ണ് പൂർണ്ണമായി നീക്കി കരിങ്കൽ പാറയെ ഖനനത്തിന് സജ്ജമാക്കിയിരിക്കുന്നു. 80-90 ശതമാനം ചെങ്കുത്തായ മലയുടെ മറ്റൊരു ഭാഗത്ത് ഖനനം നടന്നുവരുന്നുണ്ട്. ആധുനികങ്ങളായ ഏതാനും യന്ത്രങ്ങൾ ഘടിപ്പിക്കേണ്ടതിനായി സ്ഥലത്ത് സൂക്ഷിച്ചിട്ടുണ്ട്. കരിങ്കൽ ഖനനം ചെയ്തെടുത്ത പല സ്ഥലങ്ങളിൽ നിന്നും ധാരധാരയായി ഭൂഗർഭജലം ഒലിച്ചിറങ്ങുന്ന കാഴ്ച ഞങ്ങളെ സ്തബ്ധരാക്കി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഈ ജലപ്രവാഹ സ്ഥലവും ഖനനത്തിന് വിധേയമാവും, ജലം കിട്ടാക്കനിയായി തീരുകയും ചെയ്യും.

നരിപ്പറ്റ പഞ്ചായത്തിൽ ഉൾപ്പെട്ട വിലങ്ങാട് അങ്ങാടിക്ക് അടുത്താണ് ഈ ക്വാറികൾ. അങ്ങാടിയിൽ നിന്നും 2-3 കി.മീ. അകലെയാണ് ഒരിക്കലും വറ്റാത്ത കുങ്കിചിറ. ചിറയോടടുത്ത് നിന്നും നിബിഡ വനം ആരംഭിക്കുന്നു. മാഹി പുഴയുടെ ഉത്ഭവസ്ഥാനം കൂടിയാണിവിടം. ഇവിടെ നിന്നും ഒഴുകിയിറങ്ങുന്ന അരുവി വാണിമേൽ പുഴ എന്നാണ് പ്രാദേശികമായി അറിയപ്പെടുന്നത്. ഖനനം തീവ്രമാകുന്നതോടെ കുങ്കിചിറയും വാണിമേൽ പുഴയും അതുവഴി ഒരുപക്ഷേ മാഹിപുഴ പോലും അപ്രത്യക്ഷമാവും. മാവുള്ളചോലമലയുടെ മുകൾഭാഗത്ത് ഏതാണ്ട് 50 ഏക്രയിലധികം വിസ്തീർണ്ണമുള്ള ചതുപ്പ് നിലമാണ്. ഇത് വനംവകുപ്പിന്റെ കൈവശത്തിലാണ്. ചുറ്റും നിബിഡവനമായതിനാൽ ആനകളും ഇതര വന്യമൃഗങ്ങളും ദാഹം ശമിപ്പിക്കാനും ഇര തേടാനും ഈ നിത്യഹരിത വനമേഖല ഉപയോഗിച്ചു വരുന്നു. തണൽതിട്ടയെന്നും ചെമ്പോത്തിൽ പോയിൽ എന്നും ഈ കാനനപ്രദേശം അറിയപ്പെടുന്നു. കരിങ്ങാട് നിത്യഹരിത മേഖലയിൽ ഉൾപ്പെട്ടതാണ് മാവുള്ള ചോലമലയുടെ മുകൾപരപ്പും സമീപപ്രദേശങ്ങളും.

### ഉറിതൂക്കി മല അഥവാ വലിയ കുന്ന് ക്വാറി

നരിപ്പറ്റ പഞ്ചായത്തിൽ തന്നെ ഉൾപ്പെട്ടതാണ് ഉറിതൂക്കിമല അഥവ വലിയകുന്ന്. ഇവിടെ എടോനി എന്ന കുഗ്രാമത്തിലാണ് പുതിയൊരു ക്വാറി പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുന്നത്. സ്ഫോടക വസ്തുക്കൾ സൂക്ഷിക്കാനുള്ള രണ്ട് പേടകങ്ങൾ സ്ഥലത്തെത്തി കഴിഞ്ഞു. 300 ഏക്രയിലധികം വിസ്തീർണ്ണമുണ്ട് ക്വാറിക്ക്. ഏതാണ്ട് 85%ലധികം ചെങ്കുത്തായ കുന്നാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാമാന്യം വലിയ നീരുറവയുടെ ഇരുഭാഗങ്ങളിലായാണ് ക്വാറി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ഉരുൾപൊട്ടലിൽ ഒഴുകിയെത്തിയ വലിയ ഒരു പാറ തൂങ്ങി നിൽക്കുന്നത് ഞങ്ങൾ ഉൾക്കിടിലത്തോടെ കണ്ടു. കുറച്ചകലെ ഒരു നിരുറവയും അതിൽ നിന്നും പൈപ്പ് വഴി ശുദ്ധജലം താഴ്വരയിലേക്ക് ചിലർ ശേഖരിക്കുന്നതും കണ്ടു. മലയുടെ നെറുകിലെത്തിയപ്പോൾ ഈറ്റ ചെടികളും, ആനത്താരിയും കാണാൻ കഴിഞ്ഞു. ഏതാനും മണിക്കൂർ മുമ്പ് ആനകൾ വന്നതിന്റെ തെളിവെന്നോണം ആനപിണ്ടവും സമീപത്തുണ്ടായിരുന്നു. നിരവധി ബഹുജന സമരങ്ങൾക്ക് സാക്ഷ്യം വഹിച്ചതാണ് ഏടോനി. ആധുനിക യന്ത്രസാമഗ്രികൾ വിമാനത്താവളത്തിലേയും കോഴിക്കോട് നഗരത്തിലേയും ഗോഡൗണുകളിൽ തൽക്കാലം സൂക്ഷിച്ചിരിക്കുകയാണ്. ഇപ്പോൾ പഞ്ചായത്ത് വക മനോഹരമായ റോഡ് ക്വാറി വക സ്ഥലം തുടങ്ങുന്നിടം വരെയെത്തിനിൽക്കുന്നു. സ്ഥലത്തെ സിംഗിൾഫേസ് വൈദ്യുതിലൈൻ 3 ഫേസ് വൈദ്യുതി കണക്ഷൻ എടുക്കുകയില്ല. ജനസാന്ദ്രത വളരെകുറവായ ഇവിടെ 3 ഫേസ് വൈദ്യുതലൈൻ മറ്റാർക്കോ വേണ്ടി

യാണ് സ്ഥാപിക്കപ്പെടുന്നത്. ഇവിടെയും പ്രവേശന കവാടം മുളവേലി നിർമ്മിച്ച് നിയന്ത്രിച്ചിട്ടുണ്ട്. ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന നാദാപുരം മുടി തലയുയർത്തി നിൽക്കുന്നത് ഇവിടെ നിന്നും നോക്കിയാൽ കാണാം.

### പടിച്ചിൽ മല

കായക്കൊടി പഞ്ചായത്തിലാണ് പുതിയതായി ആരംഭിക്കാനിരിക്കുന്ന പടിച്ചിൽ മല ക്വാറി. എലിപ്പെട്ടി മലയുടെ ഒരു ഭാഗമാണിത്. ഉരുൾപൊട്ടൽ സാധാരണമാണ്. കഴിഞ്ഞ കാലങ്ങളിൽ ജനവാസം കുറവായതുകൊണ്ടാണ് മരണംസംഖ്യ കുറഞ്ഞതെന്നും, ഈ കാലത്ത് ദുരന്തം ആവർത്തിച്ചാൽ ജീവഹാനി വർദ്ധിക്കുമെന്നും സ്ഥലത്തെ ക്ലബ്ബ് പ്രവർത്തകർ അഭിപ്രായപ്പെട്ടു.

മലയുടെ ഒരു ഭാഗത്ത് വലിയ ഉരുണ്ട പാറ ഒരു വൃക്ഷത്തിന്റെ വേരിൽ തങ്ങി നിൽക്കുന്ന കാഴ്ച ചിന്തോദ്ദീപകമാണ്. കഴിഞ്ഞ ഉരുൾപൊട്ടലിൽ ഒലിച്ചുവന്നതാണിതെന്ന് തദ്ദേശവാസികൾ പറഞ്ഞു. ഉരുൾപൊട്ടി ഉത്ഭവിച്ച ചാലിൽ നിന്ന് ഏതാനും മീറ്റർ അകലെയായി ഒരു നീരുറവ ഒലിച്ചിറങ്ങുന്നതും, അതിൽ നിന്നും താഴ്വരയിലേക്ക് കുടിവെള്ള പൈപ്പ് ഘടിപ്പിച്ചിരിക്കുന്നതും ഞങ്ങൾ ദർശിച്ചു.

> ഇടതടവില്ലാതെ വെടിമരുന്നുപയോഗിച്ചാണ് മല തുരക്കുന്നത്. വീടിനു കേടുപാടുകൾ സംഭവിച്ചാൽ കരിങ്കല്ല് വീണതുകൊണ്ടാണ് ഇങ്ങിനെ സംഭവിച്ചതെന്ന് ശാസ്ത്രീയമായി തെളിയിക്കേണ്ട ബാദ്ധ്യത വീട്ടുകാർക്കാണ്. കേടുപാടുകൾ നിർമ്മാണത്തിലെ പിഴവ് കാരണമാണെന്നാണ് ക്വാറിക്കാരുടെ ഭാഷ്യം

സ്ഫോടകവസ്തുക്കൾ സൂക്ഷിക്കാനുള്ള ഇരുമ്പ് പേടകങ്ങൾ രണ്ടെണ്ണം സ്ഥലത്തെത്തികഴിഞ്ഞു. ആവശ്യമായ നീളത്തിലും വീതിയിലും കനത്തിലും കരിങ്കല്ല് ശബ്ദരഹിതമായി മുറിച്ചെടുക്കാനുള്ള യന്ത്രം താഴ്വരയിലെത്തിയിട്ടുണ്ട്. ഇതര യന്ത്രസാമഗ്രികൾ നഗരത്തിലെ ഗോഡൗണുകളിൽ സൂക്ഷിച്ചിരിക്കയാണ്.

തദ്ദേശവാസികളുടെ എതിർപ്പ് രൂക്ഷമാണ് ഇവിടെ ഇതിന് നേതൃത്വം വഹിക്കുന്നത് സ്ഥലത്തെ വാർഡ് അംഗമാണ്. ഗ്രാമസഭ ചേർന്ന് ഈ പ്രദേശത്ത് ക്വാറി ആവശ്യമില്ലെന്ന് തീരുമാനിക്കുകയുണ്ടായി. തന്മൂലം ആവശ്യമായ എല്ലാ അനുമതി പത്രങ്ങളും കരഗതമാക്കാൻ ക്വാറി ഉടമസ്ഥർക്കായിട്ടില്ല. പ്രവർത്തനം ആരംഭിക്കാൻ തക്കം പാർത്തിരിക്കയാണ് ഉടമസ്ഥർ. പഴശ്ശിരാജ ഒളിവിൽ കഴിഞ്ഞ ഒരു മലയുണ്ട് ഇതിനടുത്ത്. പഷ്ണികുന്ന് എന്നായി മലയുടെ പേര് ലോപിച്ചിട്ടുണ്ട്. ഇവിടെയും ക്വാറി പ്രവർത്തിക്കുന്നുമുണ്ട്.

### മുത്താച്ചികോട്ട

ക്വാറി മാഫിയയുടെ ധാർഷ്ട്യത്തിന് ഉദാഹരണമാണ് ഈ ക്വാറി. ജനസാന്ദ്രത കൂടുതലുള്ള സ്ഥലത്താണ് ക്വാറി പ്രവർത്തിക്കുന്നത്. ചെങ്കുത്തായ മലയിൽ ക്വാറിയും താഴ്വാരത്തിൽ ജനങ്ങളും. താഴ്വാരയിലെ വീടുകൾ ഓരോന്നായി തകരുന്നു. വലിയ കരിങ്കൽ കഷ്ണങ്ങൾ തെറിച്ച് വീഴുന്നു. ഇടതടവില്ലാതെ വെടിമരുന്നുപയോഗിച്ചാണ് മല തുരക്കുന്നത്. വീടിനു കേടുപാടുകൾ സംഭവിച്ചാൽ കരിങ്കല്ല് വീണതുകൊണ്ടാണ് ഇങ്ങിനെ സംഭവിച്ചതെന്ന് ശാസ്ത്രീയമായി തെളിയിക്കേണ്ട ബാദ്ധ്യത വീട്ടുകാർക്കാണ്. കേടുപാടുകൾ നിർമ്മാണത്തിലെ പിഴവ് കാരണമാണെന്നാണ് ക്വാറിക്കാരുടെ ഭാഷ്യം. കരിങ്കൽ പാറ വീണ് ഒരു കുഞ്ഞ് മരിച്ചിട്ട് വർഷങ്ങളധികമായിട്ടില്ല.

ഇവിടെയുള്ള ചില കിണറുകളിലെ ജലവിതാനം വേനലിലും മഴക്കാലത്തും സുസ്ഥിരമാണ്. ഏകദേശം നാലടിയോളം വെള്ളം മാത്രം ഏത് കാലാവസ്ഥയിലും കാണാം. ക്വാറിയിൽ വെടിവെപ്പ് ആരംഭിച്ചതിന് ശേഷമാണ് ഈ പ്രവണത ദർശിച്ചത്. അതിന് മുമ്പ് മഴക്കാലത്ത് 10–12 അടിയിലധികം ജലനിരപ്പ് ഉയർന്നിരുന്ന കിണറുകളാണിവ. പാറ പൊട്ടിച്ചതിന്റെ ആഘാതത്തിൽ കിണറുകളിലെ വശങ്ങളിൽ ഗർത്തം രൂപപ്പെട്ടതുകൊണ്ടാവാം ഇങ്ങിനെ സംഭവിച്ചതെന്നും ഒരു പക്ഷേ വീണ്ടും ഗർത്തം ആവിർഭവിച്ചാൽ ജലനിരപ്പ് പാടെ താഴ്ന്നേക്കാമെന്നും ഉടമകളിലൊരാളായ ചെക്കോയി പറഞ്ഞു. ജലവിതാനത്തിന് മുകളിൽ ഉറവ് ജലം ഒഴുകി വരുന്നത് ഞങ്ങൾ കണ്ടു. പക്ഷേ അതിനനുസരിച്ച് ജലവിതാനം ഉയരുന്നില്ല. സമീപപ്രദേശങ്ങളായ പാലയാട് മലയിലും നീറ്റിക്കോട്ടയിലും ചൂരണിയിലും തളിക്കലും കൊരണംപാറയിലും പൊയൻചാലിലും മറ്റും മറ്റും ചെറുതും വലുതുമായ ക്വാറികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

### വട്ടിപ്പന മല

കാവിലുംപാറ പഞ്ചായത്തിലാണ് വട്ടിപ്പന

⇨ *50 ഏക്കർ സ്ഥലത്തുനിന്നും ഖനനം ചെയ്യുന്നതിനാവശ്യമായ അനുമതി പത്രം ഇവർ സംഘടിപ്പിച്ചിട്ടുണ്ട്* ⇨



മല സ്ഥിതി ചെയ്യുന്നത്. 85 മുതൽ 90 ശതമാനം വരെ ചെങ്കുത്തായതാണ് ഈ മലപ്രദേശം. അഞ്ചോളം നീരുറവകൾ മലയുടെ വിവിധ ഭാഷകളിലായുണ്ട്. രണ്ടെണ്ണം ഖനനത്തിനായി മേൽമണ്ണ് നീക്കം ചെയ്യുക പൂർണ്ണമായും അപ്രത്യക്ഷമായി. താഴ്‌വരയിൽ ജനുവരി മുതൽ അടുത്ത മഴക്കാലം വരെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. 1984 മുതൽ പത്ത് വർഷം കൂടുമ്പോൾ ക്രമമായി ഉരുൾപൊട്ടൽ അനുഭവപ്പെടുന്ന പ്രദേശം കൂടിയാണിത്. 2014നെ ഭയത്തോടെയാണ് തദ്ദേശവാസികൾ നോക്കികാണുന്നത്. കഴിഞ്ഞ കാലങ്ങളിലെ ഉരുൾപൊട്ടലിന്റെ ബാക്കി പത്രം ഇപ്പോഴും പലയിടങ്ങളിലായി ചിതറിക്കിടക്കുന്നുണ്ട്.

140 ഏക്കർ സ്ഥലമാണ് ക്വാറി മാഫിയ കരസ്ഥമാക്കിയിട്ടുള്ളത്. 50 ഏക്കർ സ്ഥലത്തുനിന്നും ഖനനം ചെയ്യുന്നതിനാവശ്യമായ അനുമതി പത്രം ഇവർ സംഘടിപ്പിച്ചിട്ടുണ്ട്. പൊതു റോഡിനോട് ചേർന്ന ക്വാറിവക സ്ഥലത്തിന് കോൺക്രീറ്റ് ചുറ്റുമതിൽ നിർമ്മാണം നടക്കുന്നു. ഇത് പൂർത്തിയാകുന്നതോടെ നീരുറവകളും താഴ്‌വരയിലേക്കുള്ള ജലത്തിന്റെ ഒഴുക്കും അവസാനിക്കും. റോഡിൽ നിന്നും വളരെ ഉയരത്തിലാണ് ക്രഷറുകൾക്കുള്ള സ്ഥാനം നിശ്ചയിച്ചിരിക്കുന്നത്. ഈ സ്ഥലത്തേക്ക് വിശാലമായ റോഡ് വെട്ടിത്തെളിച്ചുണ്ടാക്കിയിട്ടുണ്ട്. റോക്ക് സാൻഡ് നിർമ്മാണവും ഇവിടെ ഉദ്ദേശിക്കുന്നുണ്ട്. നാല് കുഴൽകിണറുകൾ കുഴിച്ച് ഭൂഗർഭജലം ഉപയോഗിക്കാനാണ് പദ്ധതി. ഏറ്റവും ഉയരത്തിൽ ക്വാറി വക സ്ഥലത്തിനോട് ചേർന്ന റിസർവ്വ് വനം കാണാം. ഖനനം അതിന്റെ പാരമ്യതയിൽ എത്തുന്നതോടെ റിസർവ്വ് വനം അപ്രത്യക്ഷമാവും എന്നതിന് ഒരു തർക്കവും ഇല്ല. ഈ 140 ഏക്കർ സ്ഥലത്തുനിന്നും അല്പം മാറി, പാരിസ്ഥിതിക ദുർബല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വനഭൂമിയും ഉണ്ട്.

25 കോടി രൂപയാണ് ഇവിടത്തെ മുതൽ മുടക്ക് എന്ന് സംരംഭകരിൽ ഒരാൾ പറഞ്ഞു. ഖനന പ്രവർത്തനം തുടങ്ങിയെങ്കിലും ബഹുജന പ്രക്ഷോഭത്തെ തുടർന്ന് കോഴിക്കോട് ജില്ലാ കളക്ടർ തൽക്കാലം പ്രവർത്തനം തടഞ്ഞിരിക്കുകയാണ്. പൂർവ്വാധികം ശക്തിയോടെ ഏത് സമയത്തും പ്രവർത്തനം പുനരാരംഭിക്കും. നവനവങ്ങളായ യന്ത്രസാമഗ്രികളും, വാഹനങ്ങളും, ആവശ്യം ആവശ്യമായ മറ്റിനങ്ങളും ക്വാറി പ്രദേശത്ത് സംഭരിച്ചിട്ടുണ്ട്.

കാവിലുംപാറ പഞ്ചായത്തിലെ അഞ്ചാമത്തെ ബൃഹത്തായ ക്വാറിയാണിത്. വർഷങ്ങളായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി വക ക്വാറി പ്രവർത്തിക്കുന്നുണ്ട്. മറ്റൊരു സൊസൈറ്റി വക ക്വാറി

യും, സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള മറ്റ് രണ്ട് ക്വാറികളും പ്രവർത്തിക്കുന്നു. ഇതിന് പുറമേ ചെറുകിട രീതിയിലുള്ള സ്വകാര്യ ക്വാറികളും പ്രവർത്തിക്കുന്നുണ്ട്.

മിക്ക ക്വാറികളും പ്രവർത്തിക്കുന്നത് കാലഹരണപ്പെട്ട അനുമതിപത്രം ഉപയോഗിച്ചാണ്. പല ക്വാറികൾക്കും 05-10-15-20 സെന്റ് സ്ഥലത്ത് നിന്നും ഖനനം ചെയ്യാനുള്ള അനുമതി മാത്രമാണ് ഉള്ളത്. 10-15 വർഷങ്ങൾക്ക് മുമ്പ് കരസ്ഥമാക്കിയതാണിവ. ചില ക്വാറി ഉടമകൾ സ്ഥിരമായി പുതുക്കിവരുന്നുണ്ട്. ഖനനം നടത്തുന്നത് പലപ്പോഴും അനുവാദം വാങ്ങിയിരിക്കുന്ന സ്ഥലത്തല്ല. ഇത്തരം അനുമതി പത്രങ്ങൾ ഉപയോഗിച്ച് 10ഉം 20ഉം ഏക്കർ സ്ഥലങ്ങളിൽ ഖനനം നടന്നു കഴിഞ്ഞു. പലടത്തും അനുമതിയില്ലാത്ത ഖനനം തുടരുകയാണ്.

ഇതര ജില്ലകളിൽ ഉള്ളതിനേക്കാൾ വൻകിട ക്വാറികളുടെ പ്രവർത്തിക്കുന്ന സ്ഥലമാണ് കോഴിക്കോട്. 25 മുതൽ 50 കോടി രൂപവരെ മുതൽമുടക്കുള്ളതാണ് ഇവിടത്തെ ക്വാറികൾ. ഇതിന് സദൃശ്യമായ ഒരു ക്വാറി പോലും ഉത്തര മലബാറിലില്ല. വൻകിട ക്വാറിക്കാരെല്ലാം തന്നെ പശ്ചിമഘട്ടത്തിലെ നാട്ടുരാജ്യക്കാരെ പോലെയാണ് വർത്തിക്കുന്നത്. ചെക്ക് പോസ്റ്റുകളും കാവൽക്കാരും, ഉപജാപകരുമടക്കം വലിയൊരു നിര അവർക്കുണ്ട്.

പരിശോധനകൾ എല്ലാം തന്നെ പൂർത്തിയായാൽ ഒരു വർഷക്കാലത്തേക്ക് ജില്ലാ ആസ്ഥാനത്തുനിന്നും 12 വർഷക്കാലത്തേക്ക് സംസ്ഥാന തലസ്ഥാനത്തുനിന്നും അനുമതി പത്രം ലഭ്യമാകും. സ്ഥലപരിശോധനയും സമീപവാസികളുടെ സമ്മതവും, പാരിസ്ഥിതികാഘാത പഠനവും നടത്തണമെന്നാണ് ചട്ടം. എന്നാൽ ഒരു തരത്തിലുള്ള ആപ്പീസർമാരും സ്ഥലം സന്ദർശിക്കുകയോ, സ്ഥലവാസികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുകയോ ചെയ്തു കാണുന്നില്ല.

## പ്രത്യാഘാതങ്ങൾ

85-90 ശതമാനം വരെ ചെങ്കുത്തായ മലപ്രദേശങ്ങളാണ് പുതിയ പല ക്വാറികളുടെ പ്രവർത്തനത്തിനായി കണ്ടെത്തിയിരിക്കുന്നത്. ഈ മലകളോട് ചേർന്ന് നിബിഡവനങ്ങളും, തണ്ണീർത്തടങ്ങളും, നീരുറവുകളും ഉണ്ട്. ചില നീരുറവകൾ ഒന്നിച്ച് ചേർന്ന് കൊച്ചരുവിയായി പരിണമിച്ച് ഒഴുകുന്നത് ഈ പ്രദേശത്ത് സാധാരണമാണ്. മലമുകളിലെ ചതുപ്പുകളും, മലമുകളിലെ ഉറവകളും വിവിധ ജീവികളുടെ നിലനില്പിന് അത്യാന്താപേക്ഷിതമാണ്. വിവിധ ജീവി വർഗ്ഗങ്ങൾക്ക് പുറമെ അപൂർവ്വങ്ങളായ ഔഷധസസ്യങ്ങളും ഇതര ചെറുസസ്യങ്ങളും വൃക്ഷലതാദികളും ഈ മലമുകളിലും മലയോരങ്ങളിലുമുണ്ട്. കുങ്കിചിറ ആനകളുടെ കുളിസ്ഥലമാണ്. വനംവകുപ്പ് ഇവിടെ സൗരോർജ്ജ വേലി കെട്ടി ആനകളുടെ പ്രയാണത്തെ നിയന്ത്രിച്ചിട്ടുണ്ട്. ഓരോ മൃഗവും സഞ്ചരിക്കുന്നത് കിലോമീറ്റർ കണക്കിന് ദൂരത്തിലാണ്. അവയുടെ സഞ്ചാരപഥം ഇല്ലാതായാൽ അവയിൽ ചിലത് നാട്ടിൻപുറങ്ങളിലേക്ക് ഇറങ്ങും മറ്റ് പലതും നശിച്ച് നാമാവശേഷമാവും. അപൂർവ്വങ്ങളായ ജൈവസമ്പത്ത് നശിക്കുന്നതിന് ഉപരി, കേരളത്തിലെ പല നദികളും വറ്റി വരളും, പലതും അപ്രത്യക്ഷമാവും. വീട്ടാവശ്യങ്ങൾക്കും കൃഷിക്കും ജലം ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകും. കാലാവസ്ഥ തകിടം മറിയും. ഭക്ഷ്യ സുരക്ഷ എന്നത് മരീചികയായി മാറും. കാർഷിക സംസ്കാരം ഒരു ഓർമ്മ മാത്രമായി അവശേഷിക്കും. ജനജീവിതം കൂടുതൽ കൂടുതൽ ദുഷ്കരമായി മാറും.

## പരിഹാരമാർഗ്ഗങ്ങൾ

മാധവ്ഗാഡ്ഗിൽ സമിതി റിപ്പോർട്ട് അതിന്റെ അന്തസ്സത്ത ഒട്ടും ചോരാതെ തന്നെ നടപ്പാക്കുക എന്നതാണ് അനധികൃത ക്വാറികളെ നിയന്ത്രിക്കുന്നതിനുള്ള ഏക പോംവഴി. റിപ്പോർട്ട് പ്രാവർത്തികമാക്കാൻ കാലതാമസം വരുന്നുവെങ്കിൽ, പാരിസ്ഥിതികാഘാത പഠനം നടത്താതെ യാതൊരുവിധ ഖനന-നിർമ്മാണ പ്രവർത്തനവും പശ്ചിമഘട്ടത്തിൽ അനുവദിക്കരുത് എന്ന സുപ്രീം കോടതി നിർദ്ദേശം കർശനമാക്കണം. വികസനനയവും കെട്ടിട നിർമ്മാണ നയവും പൊളിച്ചെഴുതണം. വസ്തുക്കളുടെ പുനരുപയോഗത്തിന് പ്രാമുഖ്യം നൽകിയാവണം പുതിയ പാതകളുടെ നിർമ്മാണം. ■

യൂത്ത് ഡയലോഗ്
പരിസ്ഥിതിക്കും നീതിക്കും വേണ്ടി
**യുവജനങ്ങളുടെ കൂട്ടായ്മ**
മെയ് 1 മുതൽ 5 വരെ
മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം
ഗവ. ഹൈസ്കൂളിൽ.
*ബന്ധങ്ങൾക്ക്:*
ശ്രീജിത്ത്.എം.കെ, 9895335644